പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.6205 07.11.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

## ഗ്രാമജ്യോതി ലൈറ്റിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം.<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഗ്രാമജ്യോതി ലൈറ്റിംഗ് സംവിധാനം നിലവിലുണ്ടോ; ആയതിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ ബൾബുകളും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളുടെ നിർമ്മാണം, അസംബ്ലിങ്, മാർക്കറ്റിംഗ് എന്നിവ യ്ക്കായി ക്രൂസ്റ്റിന്റെ ആഭിമുഖ്യത്തിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി) വ്യവസ്ഥയിൽ കാസർഗോഡ് കിൻഫ്രാ പാർക്കിൽ ആരംഭിച്ച സ്ഥാപനമാണ് കേരള ഗ്രാമജ്യോതി ലൈറ്റിംഗ്. ഇതിന്റെ 51% ഓഹരികൾ ക്രൂസ്റ്റിനാണ്. |
| ബി) കെ.ആർ.ഇ.ഡബ്ല്യു.എസ്. (കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി) എന്ന സ്ഥാപനം എന്നാണ് പ്രവർത്തനമാരംഭിച്ച തെന്നും അതിന്റെ ഘടന എന്താണെന്നും വ്യക്തമാക്കാമോ ; | ബി) 18.09.1986-ലാണ് ക്രൂസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിൽ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾ), വ്യക്തികൾ എന്നീ രണ്ട് തരത്തിലുള്ള അംഗങ്ങൾ ഉണ്ട്. ഇതിന്റെ ദൈനംദിന ഭരണം നിയന്ത്രി ക്കുന്നത് 15 അംഗങ്ങൾ ഉൾപ്പെട്ട ഡയറക്ടർ ബോർഡും പൊതുവായ ഭരണം നിയന്ത്രിക്കുന്നത് ജനറൽ കൗൺസിലും ആണ്. ചെയർമാനെയും വൈസ് ചെയർമാനെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ തന്നെയാണ് ക്രൂസിന്റെ |

| | |
|---|---|
| | മാനേജിംഗ് ഡയറക്ടർ. പഞ്ചായത്തു വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെയാണ് സെക്രട്ടറിയായി നിയമിച്ച് വരുന്നത്. |
| സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി ഉല്പാദന യൂണിറ്റ് ഉണ്ടോ; | സി) ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ അച്ചടി സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി രണ്ട് ഓഫ്സെറ്റ് പ്രസ്സുകളും, കാസറഗോഡ് സീതാംഗോളി കിൻഫ്രാ പാർക്കിൽ സൊസൈറ്റി വക സ്ഥലത്ത് ട്രസ്റ്റിന് 51% ഷെയർ ഉള്ള കേരള ഗ്രാമജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. |
| ഡി) ഇത് പ്രവർത്തനം ആരംഭിച്ചശേഷമുള്ള ബാലൻസ് ഷീറ്റിന്റെ കോപ്പി ലഭ്യമാണോ; | ഡി) ട്രസ്റ്റിന്റെ 2015-16 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 ലെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ഇ) ഈ സ്ഥാപനത്തിന്റെ ലാഭവിഹിതം എപ്രകാരമാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇ) ട്രസ്റ്റിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ആർട്ടിക്കിൾ 1 (1) പ്രകാരം ചാരിറ്റബിൾ സ്ഥാപനമായതിനാൽ അംഗങ്ങൾക്ക് ലാഭവിഹിതം നൽകാൻ കഴിയുകയില്ല. സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിനു വേണ്ടി മാത്രമാണ് ലാഭം ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്